കെസിബിസി മീഡിയ

# ശാന്തിദൂതന് യാത്രാമൊഴി



വത്തിക്കാൻ
# തരംഗം

Vol No.35 No.04 April 2025 Rs.5.00



മലബാറിലെ പ്രഥമ ലത്തീൻ അതിരൂപതയായ
കോഴിക്കോടിന്റെ അതിരൂപതാധ്യക്ഷൻ

## ആർച്ച്ബിഷപ്പ് മോസ്റ്റ് റവ. ഡോ. വർഗീസ് ചക്കാലക്കലിന്

പ്രാർത്ഥനാശംസകൾ

**മിഷണറി സിസ്റ്റേഴ്സ് ഓഫ്**
**സെന്റ് തെരേസ് ഓഫ് ഇൻഫന്റ് ജീസസ് MSST**
**Umayanalloor, Kollam**

*വിശുദ്ധ കൊച്ചുത്രേസ്യയുടെ*
*നാമധേയത്തിലുള്ള*
*MSST സന്ന്യാസ സമൂഹത്തിലേക്ക്*
*സ്വാഗതം. എസ്.എസ്.എൽ.സി., പ്ലസ്ടൂ,*
*ഉന്നത വിദ്യാഭ്യാസം*
*പൂർത്തിയാക്കിയവരും*
*പരീക്ഷയെഴുതി ഫലം*
*കാത്തിരിക്കുന്നവരുമായ യുവതികൾ*
*ബന്ധപ്പെടുക.*

Vocation Promoter
**MISSIONARY SISTERS OF**
**ST. THERESE OF INFANT JESUS**
Cherupushpa Nivas Convent,
Industrial Estate Road. P.O
Umayanalloor, Kollam- 691 589
Ph : 0474 - 2530015, 8289915882




# വത്തിക്കാൻ തരംഗം
# VATHICAN THARANGAM

April - 2025
RN. 55 178/94
പുസ്തകം- 35

Monthly
ലക്കം-04


## ഉള്ളടക്കം


- എഡിറ്റോറിയൽ ... 04
- അശ്രുധാരയോടെ ... 05
- ചരിത്രമായി ... 10
- അധികാരം ... 16
- പക്വതയിൽ വളർച്ച ... 19
- വാർത്തയും ചിന്തയും ... 22



*മുഖ്യരക്ഷാധികാരി*

- ആർച്ച്ബിഷപ്പ് മാർ ജോസഫ് പാംബ്ലാനി

*രക്ഷാധികാരികൾ*

- ആർച്ച്ബിഷപ്പ് മോസ്റ്റ് റവ. ഡോ. ജോസഫ് കളത്തിപ്പറമ്പിൽ
- ബിഷപ്പ് ആന്റണി മാർ സിൽവാനോസ്

*ചീഫ് എഡിറ്റർ* ◆ ഫാ. സെബാസ്റ്റിൻ മിൽട്ടൺ കളപ്പുരക്കൽ

*എഡിറ്റർ* ◆ ആന്റണി ചടയംമുറി

*പത്രാധിപസമിതി*

- ഫാ. തോമസ് തറയിൽ
- ഡോ. ജേക്കബ്ബ് പ്രസാദ്
- ഡോ. ജോളി കരിമ്പിൽ ◆ ബ്രദർ തോമസ് പോൾ കൊടിയൻ

*ലീഗൽ അഡ്വൈസർ* ◆ അഡ്വ . റെനിൽ ആന്റോ

*ലേ ഔട്ട് & ഡിസൈൻ* ◆ മനു ആന്റണി



Office Address : Vathikan Tharangam Vathikan Radio office, KCBC Media
POC Palarivattom, Kochi 682025. Tel: 0484- 2806227
email :vaticantharangam@gmail.com whatsapp No : 82810 54656


കേരളകത്തോലിക്കാസഭയുടെ പ്രഥമ മൾട്ടി മീഡിയ മാഗസിൻ

EDITORIAL




# പ്രത്യാശയുടെ തീർത്ഥാടകന് വിട

ആഗോളകത്തോലിക്കാസഭയുടെ പരമാധ്യക്ഷനും ലാറ്റിൻ അമേരിക്കയിൽ നിന്നുള്ള ആദ്യത്തെ പാപ്പയുമായ പരിശുദ്ധ ഫ്രാൻസിസ് പാപ്പ 88 മത്തെ വയസ്സിൽ സ്വർഗീയ സമ്മാനത്തിന് യാത്രയായി. 2013-ൽ പരിശുദ്ധ ബനഡിക്റ്റ് പാപ്പായുടെരാജിയെ തുടർന്ന് തെരഞ്ഞെടുക്കപ്പെട്ട കർദിനാൾ ബർഗോളിയോ ഫ്രാൻസിസ് എന്ന പേരു സ്വീകരിച്ചുകൊണ്ടു വ്യത്യസ്തനായി. പാപ്പായുടെആദ്യആശീർവാദത്തിനുമുമ്പ് ജനങ്ങൾക്ക് മുൻപിൽ മുട്ടുകുത്തിനിന്നുകൊണ്ട് പാപ്പായ്ക്കുവേണ്ടി പ്രാർഥിക്കാൻ ആവശ്യപ്പെട്ടു. 600 വർഷത്തിനുശേഷം മുൻഗാമിയുടെ രാജിയെ തുടർന്ന് പാപ്പയായ ഫ്രാൻസിസ് പാപ്പാ, സഭയുടെ 266-മത് പാപ്പയായിട്ടാണ് 76-മത് വയസ്സിൽ തെരഞ്ഞെടുക്കപ്പെട്ടത്. ഫ്രാൻസിസ് പാപ്പായുടെ പാപ്പാസ്ഥാനത്തിന് നിരവധി പ്രത്യേകതകൾ ഉണ്ടായിരുന്നു. ആയിരംവർഷങ്ങൾക്കിപ്പുറംയൂറോപ്പിനു പുറത്തുള്ളതും, ഈശോസഭാംഗവുമായ ആദ്യ പോപ്പ്. ബിഷപ്സ് പാലസിൽ താമസിക്കാതെ ഒരു അപ്പാർട്ടുമെന്റിൽ താമസിച്ച പാപ്പ. പബ്ലിക് ട്രാൻസ്പോര്ട്ട് ഉപയോഗിച്ചുള്ള യാത്ര, സ്വന്തമായി ഭക്ഷണം പാകംചെയ്ത കർദിനാൾ എന്ന രീതിയിൽവ്യത്യസ്തനായ പാപ്പ. പേപ്പസിയുടെആദ്യവർഷത്തിൽ തന്നെ ലോകത്തെ മുഴുവൻ സ്വാധീനിച്ച വ്യക്തിയായി Time മാഗസിൻ പാപ്പയെ തെരഞ്ഞെടുത്തു. 2013 മാർച്ച് 23-ന് രണ്ടു പാപ്പമാർ ഒരുമിച്ചുകണ്ടുമുട്ടിയ അസാധാരണ സംഭവം ചരിത്രത്തിലുണ്ടായി. പാപ്പാ എമിരിത്തൂസ് ബനഡിക്റ്റ് 16-മനും പോപ്പ് ഫ്രാൻസിസും. അവർ ഒരുമിച്ചു പ്രാർത്ഥിച്ചു . ഭക്ഷിച്ചു. പെസഹാവ്യാഴത്തിലെ പാദക്ഷാളനത്തിലും വ്യത്യസ്തത വരുത്തി പോപ്പ്. പുരുഷന്മാരുടെ പാദങ്ങൾ കഴുകുക എന്ന പരമ്പരാഗത രീതിയിൽ നിന്നു വ്യത്യസ്തമായി സ്ത്രീകളുടെയും മറ്റു മതസ്ഥരുടെയും കാലുകഴുകാൻ തുടങ്ങി. സഭയിൽ നടന്നിട്ടുള്ള ബാലലൈംഗിക ചൂഷണത്തിനെതിരെ എല്ലാവരോടുമായി മാപ്പ് അപേക്ഷിച്ചു പാപ്പ. സമാധാനത്തിന്റെ പ്രവാചകൻ നമ്മളിൽ നിന്ന് വിടവാങ്ങുമ്പോൾ നമുക്ക് നഷ്ടമാകുന്നത് പ്രത്യാശയുടെ വലിയൊരു തീർഥാടകനെയാണ് -

പാപ്പാ.... വിട.......❍



**ഫാ. സെബാസ്റ്റിൻ മിൽട്ടൺ കളപ്പുരക്കൽ**
ചീഫ് എഡിറ്റർ



# അശ്രുധാരയോടെ വിടയേകി ലോകം

SPECIAL REPORT

**ബാബു കദളിക്കാട്**



**വത്തിക്കാൻ സിറ്റി:** കരുണാർദ്ര സ്നേഹത്തിന്റെ പ്രവാചക ദൗത്യം പൂർത്തിയാക്കി സ്വർഗയാത്രയായ ഫ്രാൻസിസ് മാർ പാപ്പയ്ക്ക് ലോക ജനത വിലാപസമുദ്രത്തെ സാക്ഷിയാക്കി അന്ത്യ യാത്രാമൊഴി ചൊല്ലി. കണ്ണീർ സുമങ്ങളും പ്രാർഥനയുമായി സെന്റ് പീറ്റേഴ്സ് ചത്വരത്തിൽ നിലകൊണ്ട വൻ ജനസഞ്ചയത്തിന്റെ സാന്നിധ്യത്തിലായിരുന്നു സെന്റ് മേരി മേജർ ബസിലിക്കയിൽ ഭൗതികശരീരം സംസ്കരിച്ചത്. കർദിനാൾ കോളേജ് ഡീൻ കർദിനാൾ ജോവാനി ബാറ്റിസ്റ്റ റേ അന്ത്യശ്രുശ്രൂഷാചടങ്ങുകളിൽ മുഖ്യ കാർമികനായിരുന്നു. വിലാപയാത്രയിലും വൻജനാവലി പങ്കെടുത്തു.

ഫ്രാൻസിസ് മാർപാപ്പ നേരത്തെ രേഖപ്പെടുത്തിയ ആഗ്രഹപ്രകാരമായിരുന്നു സെന്റ് മേരി മേജർ ബസലിക്കയിൽ സംസ്കാരം നടത്തിയത്. സെന്റ് പീറ്റേഴ്സ് ബസിലിക്കയിലെ പൊതുദർശനം അവസാനിച്ചതിനുപിന്നാലെയാണ് പ്രാർഥനകൾക്കുശേഷം ഭൗതികശരീരം സെന്റ് മേരി മേജർ ബസലിക്കയിലേക്ക് വിലാപയാത്രയായി കൊണ്ടുപോയത്. മൂന്നു ദിവസത്തെ പൊതുദർശനവേളയിൽ ഭൗതികശരീരം ദർശിച്ച് രണ്ടരലക്ഷത്തിലധികം പേർ അന്ത്യാഞ്ജലിയർപ്പിച്ചു.

ഇന്ത്യൻ രാഷ്ട്രപതി ദ്രൗപദി മുർമു, യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്, യുക്രൈൻ പ്രസിഡന്റ് വൊളോദിമിർ സെലെൻസ്കി, ഫ്രഞ്ച് പ്രസിഡന്റ് ഉമ്മാനുവൽ മാക്രോൺ, സ്പെയിൻ രാജാവ് ഫിലിപ് ആറാമൻ, ബ്രസീൽ പ്രസിഡന്റ് ലൂയിസ് ഇനാസിയോ ലുല ഡിസിൽവ, ബ്രിട്ടനിലെ വില്യം രാജകുമാരൻ തുടങ്ങി ഒട്ടേറെ രാഷ്ട്രത്തലവൻമാരും ലോക നേതാക്കളും അന്ത്യശുശ്രൂഷാചടങ്ങുകളിൽ പങ്കെടുത്തു.ഇന്ത്യയിൽനിന്നുള്ള കർദി



നാൾമാരായ മാർ ജോർജ് ആലഞ്ചേരി, സിറോ മലങ്കര സഭാ മേജർ ആർച്ച്ബിഷപ് ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവ,മാർ ജോർജ് ക്കൂവക്കാട്ട്, ഡോ. ആന്റണി പൂള, ഡോ. ഫിലിപ് നേരി ഫെരാവോ, ഡോ. ഓസ്‌വാൾഡ് ഗ്രേഷ്യസ് എന്നിവരും സിറോ മലബാർ സഭയുടെ മേജർ ആർച്ച്ബിഷപ് മാർ റാഫേൽ തട്ടിൽ തുടങ്ങിയവർ ചടങ്ങുകളിൽ സഹകാർമ്മികരായി.

സെന്റ് മേരി മേജർ ബസിലിക്കയും പരിസരവും പുലർച്ചെ മുതൽ ജനങ്ങളെക്കൊണ്ട് നിറഞ്ഞു. സെന്റ് മേരി മേജർ ബസിലിക്കയിലെ അന്തിമ സംസ്കാരചടങ്ങുകളിൽ പൊതുജനങ്ങൾക്ക് പ്രവേശനമുണ്ടായിരുന്നില്ല..റോമിലെ പുരാതനദേവാലയങ്ങൾ സ്ഥിതി ചെയ്യുന്ന ഫോറി ഇംപീരിയാലിയും കൊളോസിയവും കടന്നായിരുന്നു വിലാപയാത്ര. പാവങ്ങളുടെ പാപ്പയായിരിക്കാൻ ആഗ്രഹിച്ച ഫ്രാൻസിസ് മാർപാപ്പയുടെ മൃതശരീരം ഏറ്റുവാങ്ങാൻ സാന്താ മരിയ മാർജറിയിൽ അശരണരുടെ വലിയ സംഘമുണ്ടാകുമെന്ന് നേരത്തെ വത്തിക്കാൻ അറിയിച്ചിരുന്നത് യാഥാർത്ഥ്യമായി.

ശവസംസ്കാര ചടങ്ങുകൾ ലളിതമായി നടത്തണമെന്നായിരുന്നു ഫ്രാൻസിസ്



മാർപാപ്പയുടെ ആഗ്രഹം. അക്കാരണത്താൽ സൈപ്രസ് മരം, ഈയം, ഓക്ക് മരം എന്നിവകൊണ്ടുള്ള മൂന്ന് പെട്ടികളിൽ മൃതദേഹം സൂക്ഷിക്കുന്ന പതിവു പാരമ്പര്യത്തിന് പകരം തുറന്ന സാധാരണ മരപ്പെട്ടിയിലാണ് ഫ്രാൻസിസ് മാർപാപ്പയുടെ മൃതദേഹം കിടത്തിയിരുന്നത്. ഒരു മാർപാപ്പയുടെ മരണത്തിനും പുതിയ മാർപാപ്പയെ തിരഞ്ഞെടുക്കുന്നതിനും ഇടയിലുള്ള കാലയളവിൽ വത്തിക്കാന്റെ ഭരണച്ചുമതല ഏൽപ്പിച്ചിരിക്കുന്ന വത്തിക്കാൻ കാമർലെംഗോ, കർദിനാൾ കെവിൻ ഫാരെൽ ശവമഞ്ചത്തിനു മുദ്രവെക്കൽ ചടങ്ങിന് നേതൃത്വം നൽകി. വത്തിക്കാൻ സ്ക്വയറിലെ ചടങ്ങുകൾക്കു ശേഷമാണ് ഫ്രാൻസിസ് മാർപാപ്പയുടെ മൃതദേഹം സംസ്കരിക്കുന്നതിനായി, സെന്റ് പീറ്റേഴ്സിൽ നിന്ന് നാലരകിലോമീറ്റർ അകലെയുള്ള സാന്ത മരിയ മജോറെ എന്ന സെന്റ് മേരി മേജർ ബസിലിക്കയിലേക്ക് മാറ്റിയത്.


വിശ്വാസം ഉറപ്പുവരുത്തുന്ന അനശ്വരത, കല്ലറകളിൽ ഒതുങ്ങുന്നില്ല മറിച്ച്, ഒരിക്കലും അവസാനിക്കാത്ത സന്തോഷം ആസ്വദിക്കുന്ന പിതാവിന്റെ ഭവനത്തിൽ നമ്മെ എത്തിക്കുന്നുവെന്ന് ആമുഖമായി പറഞ്ഞുകൊണ്ട് സംസ്കാരച്ചടങ്ങിൽ കർദിനാൾ റേ സന്ദേശം നൽകി. ഇഹലോക വാസം വെടിഞ്ഞുകൊണ്ട് നിത്യതയിലേക്ക് കടന്നു





പോയ ഫ്രാൻസിസ് പാപ്പായോടുള്ള ആളുകളുടെ സ്നേഹത്തിനും, വാത്സല്യത്തിനും നാം ഈ ദിവസങ്ങളിൽ സാക്ഷ്യം വഹിച്ചുവെന്നും. ഇത് പാപ്പാ, എത്രമാത്രം ആളുകളുടെ ഹൃദയത്തെയും മനസിനെയും സ്പർശിച്ചുവെന്നതിനു തെളിവാണെന്നും അദ്ദേഹം പറഞ്ഞു. യേശുവിന്റെ ഉത്ഥാനത്തിരുനാൾ ദിവസം, തന്റെ ശാരീരികമായ ഗുരുതര അവസ്ഥയ്ക്കു മധ്യേയും, വത്തിക്കാൻ ബസിലിക്കയുടെ ബാൽക്കണിയിൽ നിന്നുകൊണ്ട്, നമുക്ക് നൽകിയ ആശീർവാദവും, തുടർന്ന് വത്തിക്കാൻ ചത്വരത്തിൽ ആളുകളെ അഭിവാദ്യം ചെയ്തതും, ഇപ്പോഴും സ്നേഹമസൃണമായ ഒരു ഓർമ്മയായി നിലനിൽക്കുന്നു.ശുശ്രൂഷയിൽ സംബന്ധിച്ച എല്ലാവർക്കും, കർദിനാൾ സംഘത്തിന്റെ നാമത്തിൽ അദ്ദേഹം നന്ദിയർപ്പിച്ചു.ഏറെ ലളിതമായ ഒരു കല്ലറയാണ് ഫ്രാൻസിസ് പാപ്പാ തനിക്ക് വേണ്ടി ആഗ്രഹിച്ചത്. അതനുസരിച്ച്, ഫ്രാൻചിസ്ക്കുസ് (Franciscus) എന്ന് മാത്രം ലിഖിതം ചെയ്യപ്പെട്ട ഒരു മാർബിൾ ഫലകം മാത്രമുള്ള കല്ലറയാണ് പാപ്പായ്ക്ക് വേണ്ടി തയ്യാറാക്കപ്പെട്ടത്. മേരി മേജർ ബസലിക്കയിൽ 'റോമൻ ജനതയുടെ സംരക്ഷക' എന്നർത്ഥം വരുന്ന 'സാലൂസ് പോപ്പുളി റൊമാനി' എന്ന പരിശുദ്ധ അമ്മയുടെ ചിത്രമുള്ള കപ്പേളയുടെയും 'കപ്പേള സ്ഫോർസ' എന്നറിയപ്പെടുന്ന കപ്പേളയുടെയും ഇടയിൽ, വിശുദ്ധ ഫ്രാൻസിസിന്റെ അൾത്താരയ്ക്കരികിലായാണ് ഫ്രാൻസിസ് പാപ്പായുടെ കല്ലറ. പാപ്പായുടെ മാലയിലുണ്ടായിരുന്ന കുരിശിന്റെ വലിയൊരു രൂപം ഭിത്തിയിലും സ്ഥാപിച്ചിട്ടുണ്ട്. പാപ്പാ തന്റെ എല്ലാ അപ്പസ്തോലികയാത്രകൾക്കും മുൻപും ശേഷവും മേരി മേജർ ബസലിക്കയിലെത്താറുണ്ടായിരുന്നു. 2025-ലെ വിശുദ്ധവാരത്തലേന്ന് ഏപ്രിൽ 12 ശനിയാഴ്ച ഉച്ചകഴിഞ്ഞാണ് അവസാനമായി പാപ്പാ ഇവിടെയെത്തിയത്. റോമിന്റെ മെത്രാനെന്ന നിലയിൽ 126 തവണ പാപ്പാ ഇവിടെയെത്തിയിട്ടുണ്ട്. ❍

**RELEASING ON MAY 02- 2025**




# A Biopic Cartoon Book for Children

**Publishers KCBC MEDIA COMMISSION**



# ചരിത്രമായ്, കാരുണ്യകർമ്മ ഗാഥയായ്

# ഫ്രാൻസിസ് പാപ്പ

**SPECIAL REPORT**

**ഫാ. തോംസൺ പഴയചിറപീടികയിൽ,** ജർമ്മനി



**വത്തിക്കാൻ സിറ്റി:** ജാതി,മത,വർഗ,വർണ ചിന്തകൾക്ക് അതീതമായി കരുണയ്ക്ക് ലോകമെമ്പാടും എങ്ങനെ സമൂലമായ ഊന്നൽ നൽകാമെന്ന് തെളിയിച്ച ദൈവിക സ്വരമായിരുന്നു ഫ്രാൻസിസ് മാർപാപ്പയുടേത്; ആർക്കും അടയ്ക്കാൻ പറ്റാത്ത സ്നേഹ ജാലകങ്ങൾ തുറന്നിട്ടയാൾ. അസീസിയിലെ വിശുദ്ധ ഫ്രാൻസിസിനെപ്പോലെ സുവിശേഷാധിഷ്ഠിത അനിവാര്യതയായി സത്യത്തെയും കരുണയെയും ഒരുമിച്ച് നിർത്തുന്ന കത്തോലിക്കാ സഭയുടെ പ്രതിബദ്ധത ഓരോ വാക്കിലും കർമ്മത്തിലും പ്രകാശിപ്പിച്ച ആ ഊർജ്ജ ശേഷിപ്പിനെ ലോകം ഒന്നടങ്കം സ്നേഹപൂർവം നമിക്കുന്നു.

## ആഡംബരങ്ങൾ പടിക്കുപുറത്ത്

ദരിദ്രരോടുള്ള പാപ്പായുടെ പ്രത്യേക ശ്രദ്ധയും പരിസ്ഥിതിയെക്കുറിച്ചുള്ള ഉത്കണ്ഠയും പ്രവാസികളെക്കുറിച്ചുള്ള കരുതലും 'ഇസ'ങ്ങൾക്കതീതമായി ലോകമാകെ ശ്രദ്ധ നേടി. വിവിധ മതവിഭാഗങ്ങൾ തമ്മിൽ ആരോഗ്യപരമായ സംവാദങ്ങൾ പ്രോത്സാഹിപ്പിക്കാൻ നടത്തിയ പരിശ്രമങ്ങൾ ഏറെ ശ്ലാഘനീയമായിരുന്നു.

ആഡംബരമൊഴിവാക്കി സാധാരണക്കാരനെപ്പോലെ ജീവിച്ച മാതൃക പാവപ്പെട്ടവരുടെയും പാർശ്വവത്കരിക്കപ്പെട്ടവരുടെയും സാമൂഹികനീതിക്കുവേണ്ടിയുള്ള പോരാട്ടത്തിന്റെ നേർക്കാഴ്ചയായി. ലൗദാത്തോ സി എന്ന ചാക്രികലേഖ

നത്തിലൂടെയും ലൗദാത്തെ ദേവൂം എന്ന അപ്പസ്തോലിക ലേഖനത്തിലൂടെയും പരിസ്ഥിതിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ ലോകത്തിന്റെ മുമ്പിൽ തുറന്നുവച്ചു, ഫ്രാൻസിസ് മാർപാപ്പ. കാലാവസ്ഥാ വ്യതിയാനം, മലിനീകരണം എന്നിവയെക്കുറിച്ചുള്ള ആശങ്കകൾ പങ്കുവയ്ക്കുമ്പോൾ സുസ്ഥിരമായ ജീവിതശൈലി ആവിഷ്കരിക്കേണ്ടതിന്റെ ആവശ്യകതയും പ്രകൃതിയുടെ മേലുള്ള കടന്നുകയറ്റം അവസാനിപ്പിക്കേണ്ടതിനെക്കുറിച്ചും ശാസ്ത്ര പിൻബലത്തോടെ വിശദമാക്കി. സ്വർഗത്തിലേക്കുള്ള കവാടമായി അസീസിയിലെ പുണ്യവാനെ മനസിൽ പ്രതിഷ്ഠിച്ചു ഫ്രാൻസിസ് മാർപാപ്പ. വെറുമൊരു പേരല്ലായിരുന്നു അദ്ദേഹത്തിനു ഫ്രാൻസിസ്. ജീവിക്കാൻ ആഗ്രഹിച്ച ക്രിസ്തീയ ജീവിതശൈലി അസീസിയിൽ നിന്നു കടം കൊണ്ടു; പ്രഘോഷിക്കാൻ ആഗ്രഹിച്ച സുവിശേഷവും പഠിപ്പിക്കാൻ ആഗ്രഹിച്ച മതബോധനവുമായിരുന്നു അത്. കൂടുതൽ പൊലിമയോടെ അനശ്വരമായിരിക്കുന്നു ഫ്രാൻസിസ് എന്ന പേര്. അവസാന നാളിലെഴുതിയ 'അവൻ നമ്മെ സ്നേഹിച്ചു' എന്ന പ്രബോധനത്തിൽ പാപ്പാ ഊന്നിപ്പറഞ്ഞു: 'ഹൃദയം നഷ്ടപ്പെട്ട ലോകത്തിന് ഒരു ഹൃദയം കൊടുക്കാനായി നാം പരിശ്രമിക്കണം.' ഹൃദയമില്ലാത്തവർക്ക് അല്ലെങ്കിൽ ഹൃദയപൂർവം പെരുമാറാൻ അറിയാത്തവർക്ക് ഒരു ഹൃദയം കൊടുക്കാൻ നമ്മൾ തയ്യാറാകണമെന്ന ഉദ്ബോധനം.

## കരുണാർദ്രമായ ശുശ്രൂഷ

സഭയുടെ മസ്തിഷ്ക ഇടത്തിലാകണം ദൈവിക കരുണയുടെ സ്ഥാനമെന്ന് ആവർത്തിച്ചു പ്രഖ്യാപിച്ചവരാണ് ജോൺ പോൾ രണ്ടാമൻ മാർപാപ്പായും, ബെനഡിക്റ്റ് പതിനാറാമൻ മാർപാപ്പായും. എന്നാൽ സഭ പഠിപ്പിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന എല്ലാത്തിന്റെയും ഹൃദയത്തിൽ 'ദൈവത്തിന്റെ ശൈലി' എന്ന് മുദ്രണം ചെയ്ത് കരുണയെ സ്ഥാപിക്കാൻ നിരന്തര ശ്രമം നടത്തിയ ചരിത്രമാണ് ഫ്രാൻസിസ് മാർപാപ്പയുടേത്. ധീരവും അതിവിപുലവുമായ കർമ്മ സരണിയിലെ കരുണാർദ്രമായ പേപ്പൽ ശുശ്രൂഷ തന്റെ മുൻഗാമികളിൽ നിന്ന് ഫ്രാൻസിസ് മാർപാപ്പയെ പ്രത്യക്ഷത്തിൽ തന്നെ വ്യത്യസ്തനാക്കിയെന്ന നിരീക്ഷണം നടത്തിയവരിൽ മതേതര നിരീക്ഷകരും ധാരാളം. പേപ്പൽ ശുശ്രൂഷയിൽ ദൃശ്യമായ ഈ പരിഷ്കരണത്തിന് ഹേതുവായ പശ്ചാത്തലം മുമ്പേ രൂപപ്പെട്ടിരുന്നു. പ്രാഥമികമായി നിയമം, സംസ്കാരം, ഗോത്ര സ്വത്വം എന്നിവയിലൂടെ പാരമ്പര്യമായി ലഭിക്കുന്നില്ല പുതിയ കാലത്തെ വിശ്വാസമെന്നും മറിച്ച് കാരുണ്യവുമായുള്ള കണ്ടുമുട്ടലിന്റെ ഫലമായാണ് വിശ്വാസത്തിലേക്കുള്ള വാതിൽ തുറക്കുന്നതെന്നും മാർപ്പാപ്പയാകുന്നതിന് വളരെ മുമ്പുതന്നെ ബിഷപ് ബോർഗിയോളി കണ്ടറിഞ്ഞു. ആ 'യുഗമാറ്റ' സിദ്ധാന്തം അടിയന്തര സ്വഭാവത്തോടെ തന്നെ സഭയിൽ സമൂർത്തമാക്കാൻ യത്നിച്ചു ഫ്രാൻസിസ് മാർപാപ്പ. സഭയുടെ 'പുതിയ' സുവിശേഷവത്കരണ വീഥിയാകണമിതെന്നുദ്ബോധിപ്പിച്ചു അദ്ദേഹം. അതേസമയം, കരുണയുടെ ജീവനും ദീപ്തിയും നിറയുന്ന സുവിശേഷവത്കരണ വീഥി കഴിഞ്ഞ ഏതാനും നൂറ്റാണ്ടുകളെ അപേക്ഷിച്ച് മാത്രമേ വ്യത്യസ്തമാകുന്നുള്ളൂ എന്നും ഫ്രാൻസിസ് മാർപാപ്പ ചൂണ്ടിക്കാട്ടി. ക്രിസ്തുമതത്തിന്റെ ഒന്നാം സഹസ്രാബ്ദമായ അപ്പോസ്തോലിക യുഗത്തിൽ, സഭയ്ക്ക് നിയമത്തിന്റെയും സംസ്കാരത്തിന്റെയും ശക്തമായ സ്ഥാപനങ്ങളുടെയും പിന്തുണയില്ലാതിരുന്ന കാലത്ത്, പുരാതന ലോകമെമ്പാടും ക്രിസ്തുമതം അതിവേഗമാണു വ്യാപിച്ചത്. സഭയ്ക്ക് അത്തരമൊരു യുഗത്തിലേക്ക് മടങ്ങാനാകുമെന്ന് സമകാലികരായ പല കത്തോലിക്കാ ചിന്തകരെയും പോലെ ഫ്രാൻസിസ് മാർപാപ്പ ചിന്തിച്ചു. 'സഭയിലെ അധികാരവും ദാരിദ്ര്യവും' എന്ന ഗ്രന്ഥത്തിൽ 'ഒരു പുറജാതീയ ലോകത്തിലെ കോൺസ്റ്റന്റൈന്റെന്



മുമ്പുള്ള അവസ്ഥയിലേക്ക്" സഭയുടെ തിരിച്ചുവരവ് യെവ്സ് കോംഗർ മുൻകൂട്ടി കണ്ടത്1960–കളിൽ തന്നെ സ്വാധിനിച്ചതായി അദ്ദേഹം വെളിപ്പെടുത്തിയിരുന്നു. ' തന്നെ സേവിക്കാൻ ദൈവം നമ്മെ വിളിക്കുന്ന പുതിയ ലോകത്ത് അധികാരം പ്രയോഗിക്കുന്നതിനുള്ള പൂർണ്ണമായ സുവിശേഷ വഴികൾ സഭ രൂപപ്പെടുത്തണം' മെന്നും യെവ്സ് കോംഗർ പറഞ്ഞു. ഒരിക്കലും വിനയം കൈവിടാതെയുള്ള ആർ ജ്ജവ ശോഭയാർന്ന പെരുമാറ്റത്തിലൂടെ ഫ്രാൻസിസ് മാർപാപ്പ ലോകത്തിനു മുന്നിൽ അനാവരണം ചെയ്തു. ഇത്തരത്തിലെ നവീന അധികാര സ്ഥാന ത്തെ. കരുണയെ മുൻനിർത്തിയാണ് അദ്ദേഹം അതു ചെയ്തത്.

## വ്യക്തിയോടുള്ള ശ്രദ്ധ

കരുണ' എന്ന വാക്ക് ആശയക്കുഴപ്പത്തിനിടയാക്കാറുണ്ട്. കാരുണ്യ പ്രവൃത്തി കൾ പലപ്പോഴും നിയമത്തിന്റെ പ്രയോഗത്തിൽ നിന്നുള്ള ഒഴിവാക്കലിനിടയാ ക്കുന്നുവെന്നു ചിന്തിക്കുന്നു പലരും. അതിനാൽ കരുണയുടെ 'മൃദുഭാവം' ദോഷക രമാകാമെന്നാണ് ആരോപണം. നിയമത്തെ ദുർബലപ്പെടുത്തുന്ന ഇളവുകളെ അവർ സംശയത്തോടെ കാണുന്നു. എന്നാൽ സഭയെ സംബന്ധിച്ചിടത്തോളം, കരുണ എന്നത് ലാറ്റിൻ പദമായ 'മിസെറിക്കോർഡിയ'യുമായി (കഷ്ടപ്പെടുന്ന വർക്കായി ഒരു ഹൃദയം ഉണ്ടായിരിക്കുക) കൂടുതൽ അടുത്ത ബന്ധമുള്ളതാണ്. സഭയെ ഒരു യുദ്ധക്കളത്തിലെ ആശുപത്രി എന്ന് ആദ്യകാലങ്ങളിൽ വിളിച്ച



പ്പോൾ, ഫ്രാൻസിസ് മാർപാപ്പ ഉദ്ദേശിച്ചത് ഇതാണ്. വ്യക്തിയോടുള്ള 'ശ്രദ്ധ'യോടെ ആരംഭിക്കുന്ന രക്ഷയുടെയും രോഗശാന്തിയുടെയും ഒരിടമാകണം സഭയെന്നായിരുന്നു ആഹ്വാനം. നമ്മുടെ ഓരോരുത്തരുടെയും അന്തസ്സിനെ ബഹുമാനിക്കുന്നതാകണം ആ ശ്രദ്ധ. നമ്മുടെ പ്രവൃത്തികളാൽ നാം അർഹിക്കുന്നതോ അർഹിക്കാത്തതോ ആയ ശ്രദ്ധയല്ല, മറിച്ച് ദൈവത്തിന്റെ സൃഷ്ടികളോടുള്ള സ്നേഹത്തിൽ നിന്ന് ഒഴുകുന്ന ശ്രദ്ധയാകണമെന്നാണു പാപ്പാ ചൂണ്ടിക്കാട്ടിയത്. യഥാർത്ഥ കരുണ എന്നാൽ ധാർമ്മികതയുടെയോ നിയമത്തിന്റെയോ താഴ്ത്തൽ എന്നല്ല അർത്ഥമാക്കുന്നത്. ധാർമ്മികതയും നിയമവും എന്നും അപൂർണ്ണം തന്നെ. യേശു വന്നത് ഒരു പുതിയ നീതിസംഹിത പ്രഖ്യാപിക്കാനല്ല, മറിച്ച് ഒരു പുതിയ ജീവിതരീതി കാണിക്കാനാണ്: ദൈവം നമ്മോട് എങ്ങനെ പ്രവർത്തിക്കുന്നു എന്നതിനെ പ്രതിഫലിപ്പിക്കുന്ന ഒന്ന്.

## നിയമം മാത്രം പോരാ കരുണ വേണം

സഭയുടെ ദൗത്യം ഇന്ന് നിയമനിർമ്മാതാവിന്റെ ദൗത്യമല്ലെന്ന പക്ഷത്തു നിന്നു പ്രവർത്തിച്ച ഫ്രാൻസിസ് മാർപാപ്പ. ഇന്നത്തെ ദൗത്യം ദൈവത്തിന്റെ കൃപയെയും ധാർമ്മിക നിയമങ്ങളെയും ആശ്രയിച്ച് ആളുകളെ ഫലപ്രദമായും നന്നായും ജീവിക്കാൻ സഹായിക്കുക എന്നതാണ്. 'കൃപയോടുള്ള തുറന്ന മനസ്സിനെ പ്രോത്സാഹിപ്പിക്കാതെ, സിദ്ധാന്തപരവും ജൈവശാസ്ത്രപരവും ധാർമ്മികവുമായ വിഷയങ്ങൾക്ക് ഊന്നൽ നൽകുന്നതിലൂടെ, കുടുംബങ്ങൾക്ക് മതിയായ പിന്തുണ നൽകുകയും വിവാഹബന്ധം ശക്തിപ്പെടുത്തുകയും ദാമ്പത്യ ജീവിതത്തിന് അർത്ഥം നൽകുകയും ചെയ്യുന്നുവെന്ന് നാം വളരെക്കാലമായി കരുതിയിരുന്നു,' ഫ്രാൻസിസ് പാപ്പ 2016–ൽ കുടുംബത്തെക്കുറിച്ചുള്ള തന്റെ രേഖയായ അമോറിസ് ലെറ്റിഷ്യയിൽ കുറിച്ചു. വിവാഹം ജീവിതത്തിനുവേണ്ടിയാണെന്ന് ഒഴുക്കൻ മട്ടിൽ പറഞ്ഞാൽ മാത്രം പോരാ എന്ന് പാപ്പാ നിരീക്ഷിച്ചു; മറിച്ച്, താൽക്കാലിക ബന്ധങ്ങളും വിവാഹമോചനവും മാനദണ്ഡമായിരിക്കുന്ന ഒരു സംസ്കാരം യാഥാർത്ഥ്യമായിക്കണ്ട് ജീവിതത്തിനുവേണ്ടി വിവാഹം കഴിക്കാൻ സഭ ആളുകളെ പിന്തുണയ്ക്കണം.

അമോറിസ് ലെറ്റിഷ്യ (സ്നേഹത്തിന്റെ സന്തോഷം) സഭയെ അത് ചെയ്യാൻ സജ്ജമാക്കുന്നതിനെക്കുറിച്ചാണ്. 'മനസ്സാക്ഷികളെ രൂപപ്പെടുത്താനാണ്, അവയെ മാറ്റിസ്ഥാപിക്കാനല്ല.' . 2013–ൽ അമരക്കാരനായെത്തിയതുമുതൽ, ഫ്രാൻസിസ് പാപ്പാ 'ദരിദ്രരോടുള്ള ഹൃദയം', കേൾക്കാനും അനുഗമിക്കാനുമുള്ള സഭയുടെ കഴിവു വികസിപ്പിക്കുന്നതിനായുള്ള പരിഷ്കരണം നടത്താൻ ശ്രമിച്ചു. ദരിദ്രരെ മനസ്സിലാക്കാനും അവരോട് യഥാവിധി പ്രതികരിക്കാനും പഠിപ്പിക്കുന്നതിനായി 2016 'കരുണയുടെ വർഷം' ആയി ആചരിച്ചു. അതേ വർഷം തന്നെ വിവാഹവും വിവാഹമോചനവും കൈകാര്യം ചെയ്യുമ്പോൾ കരുണ എങ്ങനെ പ്രായോഗികമാക്കാമെന്ന് അമോറിസ് ലെറ്റിഷ്യ കാണിച്ചുതന്നു. കത്തോലിക്കാ പ്രബോധനങ്ങളുടെ ശക്തി സ്വീകരിച്ചുകൊണ്ടു തന്നെ നിയമം ഉയർത്തിപ്പിടിക്കാ



നും ജീവിതസൗഖ്യം ഉറപ്പാക്കാനുമുള്ള പ്രാപ്തി മനുഷ്യർക്കു ലഭ്യമാക്കാൻ സഭയ്ക്കു കഴിയുമെന്ന് ഫ്രാൻസിസ് പാപ്പാ ആവർത്തിച്ചു വ്യക്തമാക്കിയിരുന്നു.

## ക്ഷമാപൂർവ്വമായ ഉദ്യമങ്ങൾ


ഫ്രാൻസിസ് പാപ്പാ 2024 ഒക്ടോബറിൽ, യേശുവിന്റെ തിരുഹൃദയത്തോടുള്ള ഭക്തിയെക്കുറിച്ചുള്ള ഡിലെക്സിറ്റ് നോസ് ('അവൻ നമ്മെ സ്നേഹിച്ചു') എന്ന രേഖ പുറത്തിറക്കിയപ്പോൾ, മതപരിവർത്തനത്തെക്കുറിച്ച് ഏറ്റവും മികച്ച ഉൾക്കാഴ്ച നൽകി.ഫ്രാൻസിസ് പാപ്പായുടെ അഭിപ്രായത്തിൽ ലോകത്തിന്റെ ആരവങ്ങൾക്ക് മുകളിൽ ദൈവത്തിന്റെ ശബ്ദം കേൾക്കാൻ പഠിക്കുമ്പോൾ നാം ചിന്തിക്കുകയും വിവേചിക്കുകയും ചെയ്യുന്ന സ്ഥലമാകണം തിരുഹൃദയം. ദൈവവുമായും മറ്റുള്ളവരുമായും സൃഷ്ടിയുമായും ബന്ധം സ്ഥാപിക്കാൻ നാം തുറക്കുന്ന കേന്ദ്രമാണത്. ഡിലെക്സിറ്റിൽ മാത്രമല്ല, തന്റെ പ്രസംഗത്തിലും, ദൈവത്തിന്റെ ശൈലിയുടെ മാതൃകയായി മറ്റുള്ളവരുമായി ഇടപഴകുന്നതിനുള്ള യേശുവിന്റെ സ്വന്തം രീതി ഫ്രാൻസിസ് പാപ്പാ നിരന്തരം ചൂണ്ടിക്കാട്ടി. ആളുകളെ അന്വേഷിക്കുക, അവർക്കുവേണ്ടി തനിക്ക് എന്തുചെയ്യാൻ കഴിയുമെന്ന് ചോദിക്കുക, അവരോട് അടുത്തുനിൽക്കുക, ഒരിക്കലും പിന്തിരിയാതെ അവരെ വളരാനും മാറ്റാനും സഹായിക്കുക: റോമിലെ വത്തിക്കാൻ ഉദ്യോഗസ്ഥവൃന്ദത്തിന്റെ പരിഷ്കരണത്തിൽ പാപ്പാ ഉൾപ്പെടുത്താൻ ശ്രമിച്ച ശൈലിയാണിത്. ഘടനാപരമായ മാറ്റത്തിനും വ്യക്തികളുടെ പുതുക്കലിനും ഉപരി സംസ്കാരത്തിന്റെയും മാനസികാവസ്ഥയുടെയും സമൂല പരിഷ്കരണമായിരുന്നു ക്ഷമാപൂർവമായ ഈ ഉദ്യമത്തിലൂടെ പാപ്പാ ഉദ്ദേശിച്ചത്. ❍

# സഭയുടെ പരമാചാര്യന് പ്രാർത്ഥനാഞ്ജലി



പി.ഒ.സി.യിൽ നടന്ന പ്രാർത്ഥനാശുശ്രൂഷകൾക്ക് വരാപ്പുഴ ആർച്ച് ബിഷപ്പ് മോസ്റ്റ് റവ ഡോ ജോസഫ് കളത്തിപ്പറമ്പിൽ മുഖ്യ കാർമികത്വം വഹിച്ചു. കെ. സി. ബി. സി. ഡെപ്യൂട്ടി സെക്രട്ടറി ജനറൽ ഫാദർ തോമസ് തറയിൽ, വരാപ്പുഴ അതിരൂപതാ വികാരി ജനറൽ വെരി റവ. മോൺ. മാത്യു ഇലഞ്ഞിമിറ്റം, മീഡിയ കമ്മീഷൻ സെക്രട്ടറി ഫാ. സെബാസ്റ്റിൻ മിൽട്ടൺ കളപ്പുരക്കൽ, ഫാ.ഡോ. ക്ളീറ്റസ് കതിർപറമ്പിൽ എന്നിവരെ കാണാം






# അധികാരം സേവനത്തിനല്ല, സേവിക്കാനാണ്

SPECIAL REPORT

**ഡോ. എഡ്‌വേർഡ് എടേഴത്ത്**
യു എസ് എ



2022–ൽ, ഫ്രാൻസിസ് പാപ്പാ വത്തിക്കാനു വേണ്ടി ഒരു പുതിയ ഭരണഘടന അംഗീകരിച്ചു: അതിന്റെ സംസ്കാരം, ഘടന, ആചാരങ്ങൾ എന്നിവ വിശദീകരിച്ച നിർണ്ണായക രേഖ. സഭയ്ക്ക് കൈമാറിയ അധികാരം സേവനത്തിനല്ല, മറിച്ച് സേവിക്കാനാണ് നൽകിയതെന്ന് 'പ്രെഡിക്കേറ്റ് ഇവാഞ്ചേലിയം' (സുവിശേഷം പ്രസംഗിക്കുക) വ്യക്തമാക്കി. പുതിയ പാപ്പാ ആദ്യത്തെ ദിവ്യബലി അർപ്പിച്ചച്ച് കൃത്യം ഒമ്പത് വർഷങ്ങൾക്ക് ശേഷം, വിശുദ്ധ യൗസേപ്പിന്റെ തിരുനാളിൽ ഇത് പ്രസിദ്ധീകരിച്ചു. സൃഷ്ടിയെയും സൃഷ്ടികളെയും സംരക്ഷിക്കുന്ന യഥാർത്ഥ ശക്തിയെയും കുറിച്ച് പാപ്പാ സംസാരിച്ചു. സൗമ്യവും വിശുദ്ധവുമായ ദിവ്യശക്തിയുമായി സഹകരിക്കുന്ന ഈ ലോകത്തിലെ യഥാർത്ഥ ശക്തിക്കു മാത്രമേ ഒരു പുതിയ ഭാവി സൃഷ്ടിക്കാൻ കഴിയൂ എന്ന് ചൂണ്ടിക്കാട്ടി.

ബെനഡിക്ട് പതിനാറാമൻ പാപ്പായുടെ കീഴിൽ സാധാരണമായിരുന്ന ഭരണപരവും സാമ്പത്തികവുമായ അഴിമതികളുടെ അന്ത്യത്തിനു കാരണമായി പുതിയ ഭരണഘടന. പരിഷ്കരണത്തിന്റെ വ്യാപകവും രചനാത്മകവുമായ ഫലങ്ങൾ വത്തിക്കാൻ സന്ദർശനവേളയിൽ ബോധ്യമാകുന്നതായി ബിഷപ്പുമാർ സാക്ഷ്യപ്പെടുത്തി.ബിഷപ്പുമാർ ക്യൂരിയയിൽ നിന്ന് മാർച്ചിംഗ് ഓർഡറുകൾ നൽകിയിരുന്നതു നിന്നു. അധികാരികളായ ഉദ്യോഗസ്ഥർ അവരെ ശകാരിച്ചിരുന്നിടത്ത്;

അവർക്ക് ഡികാസ്ട്രികളുമായി സാഹോദര്യ സാധ്യമാകുന്നു. പാപ്പായും ബിഷപ്പുമാർക്കും ഇടയിൽ സ്വയം സ്ഥാപനമല്ല കൂരിയ എന്ന നില വന്നു. വത്തിക്കാൻ രേഖകൾ, എണ്ണത്തിൽ വളരെയധികം കുറഞ്ഞു.കഠിനവും നീണ്ടതുമായ കൂടിയാലോചനകളുടെ ഫലമായാണിതു സാധ്യമായത്. ഫ്രാൻസിസ് പാപ്പായ്ക്കു മുമ്പ്, അജ്ഞാത സ്വഭാവത്തിലുള്ള കുറ്റാരോപണങ്ങളും വേദനാജനകമായ വിചാരണകളും സാധാരണമായിരുന്നു. എന്നാൽ ദൈവശാസ്ത്രജ്ഞർ ഇനി വിവേചനരഹിതമായി സെൻസർ ചെയ്യപ്പെടുന്നില്ലെന്ന് ഉറപ്പാക്കാൻ പുതിയ ഭരണഘടന ഇടയാക്കി. വത്തിക്കാൻ ഉദ്യോഗസ്ഥരുടെ ശൈലി മാറി: ബിഷപ്പുമാരുടെ കണ്ണിൽ നോക്കി അവരെ ശ്രദ്ധിക്കാൻ തുടങ്ങി, എങ്ങനെ സഹായിക്കാനാകുമെന്ന് ചോദിക്കുകയും ചെയ്യുന്നു.

**വിമർശനങ്ങളോട് സഹിഷ്ണുത**

പരിഷ്കരണങ്ങളിൽ ആത്മാർത്ഥത പുലർത്തി ഫ്രാൻസിസ് പാപ്പായെന്ന് ബിഷപ്പുമാർക്കും കർദ്ദിനാൾമാർക്കും ഇടയിൽ അഭിപ്രായമുയർന്നതിനിടെയും, ധാർമ്മിക ചോദ്യങ്ങളെ അഭിമുഖീകരിക്കവേ പാപ്പാ കരുണയിൽ അമിതമായ ഊന്നൽ നൽകിയെന്ന വീക്ഷണവും പ്രചരിച്ചു. വ്യക്തിഗത സാഹചര്യങ്ങളുടെ നേർക്ക് പാപ്പാ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചെന്നും ഈ പ്രക്രിയയിൽ സഭയുടെ സൈദ്ധാന്തിക സത്യങ്ങൾ നേർപ്പിക്കപ്പെടാനുള്ള സാധ്യതയുണ്ടെന്നും ചിലർ ആശങ്കപ്പെട്ടു.സ്വവർഗ ദമ്പതികളുടെ ബന്ധങ്ങളെ സഭയ്ക്ക് അനുഗ്രഹിക്കാൻ കഴിയില്ലെങ്കിലും, ആവശ്യപ്പെട്ടാൽ ആ വ്യക്തിയെയോ വ്യക്തികളെയോ ആശീർവദിക്കാവുന്നതാണെന്ന് ഫ്രാൻസിസ് പാപ്പായുടെ അടുത്ത സഹകാരിയായ വിശ്വാസകാര്യാലയ അധ്യക്ഷൻ കർദ്ദിനാൾ വിക്ടർ മാനുവൽ ഫെർണാണ്ടസ് 2023 ഡിസംബറിൽ പുറത്തിറക്കിയ ഫിഡൂസിയ സപ്ലിക്കൻസ് എന്ന രേഖയെ ആഫ്രിക്കൻ കർദ്ദിനാൾമാർ മാത്രമല്ല വിമർശിച്ചത്.

ലൈംഗികതയെയും വിവാഹത്തെയും കുറിച്ചുള്ള സഭാ സിദ്ധാന്തം ഉയർത്തിപ്പിടിക്കാൻ സഹായിച്ച അമോറിസ് ലെറ്റീഷ്യയുടെ കാര്യത്തിലെന്നതുപോലെ ഫിഡൂസിയ സപ്ലിക്കൻസ് എന്ന രേഖ തയ്യാറാക്കാനും പാപ്പായെ സഹായിച്ചത് കർദ്ദിനാൾ വിക്ടർ മാനുവൽ ഫെർണാണ്ടസ് ആയിരുന്നു. എന്നാൽ പല ബിഷപ്പുമാരും ഈ രേഖകൾ വളരെ സൂക്ഷ്മവും എളുപ്പത്തിൽ തെറ്റായി വ്യാഖ്യാനിക്കപ്പെടാവുന്നതും സഭാ കവാടങ്ങളിലെ ലിബറൽ ശക്തികൾ ചൂഷണം ചെയ്യാൻ സാധ്യതയുള്ളതുമാണെന്ന് പറഞ്ഞു.സഭ അതിന്റെ വിശ്വാസപരമായ സത്യത്തിന് സാക്ഷ്യം വഹിക്കുകയും അതിനുവേണ്ടി വാദിക്കുകയും ചെയ്യുക മാത്രമല്ല, അത് നടപ്പാക്കാൻ രാഷ്ട്രീയ അധികാര സഖ്യങ്ങൾ തേടണം എന്ന അനുമാനം വ്യാപകമായുണ്ടായി. ഗർഭച്ഛിദ്രം നിരോധിക്കുന്നത് കത്തോലിക്കർക്ക് തിരഞ്ഞെടുപ്പുകളിൽ 'പ്രമുഖ' വിഷയമാണെന്ന് അവകാശപ്പെട്ടുകൊണ്ട് പല യുഎസ് ബിഷപ്പുമാരും രാഷ്ട്രീയ തലത്തിൽ ആശയപരമായ നീക്കങ്ങൾ നടത്തി. എന്നാൽ ഈ സമീപനം സുവിശേഷത്തെ വളച്ചൊടിക്കുകയും അതിന്റെ ധാർമ്മിക വ്യാപ്തി കുറയ്ക്കുകയും ചെയ്യുന്നുവെന്നായിരുന്നു പാപ്പായുടെ മുന്നറിയിപ്പ്. കൃപയുടെ ശക്തിയേക്കാൾ നിയമത്തിലും നിയമനിർമ്മാതാക്കളിലും കൂടുതൽ വിശ്വാസം അർപ്പിക്കുന്നതിനെതിരെപാപ്പാ പ്രതികരിച്ചു.❍

# മലബാറിലെ പ്രഥമ ലത്തീൻ അതിരൂപതയായ
# കോഴിക്കോടിന്റെ അതിരൂപതാധ്യക്ഷൻ
# ആർച്ച്ബിഷപ്പ്

## മോസ്റ്റ് റവ. ഡോ. വർഗീസ് ചക്കാലക്കലിന്

## പ്രാർത്ഥനാശംസകൾ





**അഭിവന്ദ്യ പിതാവിന്റെ മാതൃരൂപതയായ കോട്ടപ്പുറം രൂപതയുടെ**

**ബിഷപ്പ് റൈറ്റ് റവ. ഡോ. അംബ്രോസ് പുത്തൻവീട്ടിലും**

**ദൈവജനവും**



# പക്വതയിൽ വളർച്ച

**ക്രിസ്തു ജീവിക്കുന്നു – ഭാഗം 21**

***വത്തിക്കാനിൽ വിശുദ്ധ പത്രോസിന്റെ ബസിലിക്കയുടെ സമീപത്തുള്ള പോൾ ആറാമൻ ശാലയിൽ ഫ്രാൻസീസ് പാപ്പായുടെ പ്രതിവാര പൊതുദർശന പരിപാടിയിൽ സുവിശേഷവത്ക്കരണ തീക്ഷ്ണതയെ അധികരിച്ച് പാപ്പാ നടത്തിയ പുതിയ പ്രബോധനപരമ്പര.***

അവതരണം: **ബ്ര. തോമസ് പോൾ കൊടിയൻ**



158. അനേകം യുവജനങ്ങൾ അവരുടെ ശരീരങ്ങളെപ്പറ്റി ആശങ്കയുള്ളവരാണ്. അവർ ശാരീരികശക്തി പടുത്തുയർത്താനോ ബാഹ്യരൂപം മെച്ചപ്പെടുത്താനോ ശ്രമിക്കുന്നു. മറ്റുള്ളവർ, അവരെക്കുറിച്ചുതന്നെ കൂടുതൽ സുനിശ്ചിതത്വം തോന്നാൻവേണ്ടി, അവരുടെ കഴിവുകളും അറിവും വികസിപ്പിക്കാൻ പ്രവർത്തിക്കുന്നു. ചിലർ, ആത്മീയതയിൽ വളരാനും നിമഗ്നരാകാനും ശ്രമിച്ചുകൊണ്ട്, കൂടുതൽ ഉന്നതമായി ലക്ഷ്യംവയ്ക്കുന്നു. വിശുദ്ധ യോഹന്നാൻ പറഞ്ഞു: "യുവാക്കന്മാരേ, ഞാൻ നിങ്ങൾക്ക് എഴുതുന്നു: നിങ്ങൾ ശക്തന്മാരാണ്. ദൈവത്തിന്റെ വചനം നിങ്ങളിൽ വസിക്കുന്നു" (1 യോഹ. 2:14). കർത്താവിനെ തേടുന്നതും അവിടുത്തെ വചനംപാലിക്കുന്നതും അവിടുത്തേക്ക് നമ്മുടെ ജീവിതം ഭരമേല്പിക്കുന്നതും സുകൃതങ്ങളിൽ വളരുന്നതും: ഇവയെല്ലാം യുവജനങ്ങളെ ശക്തരാക്കുന്നു. അതുകൊണ്ടാണ് കർത്താവിനോടു ബന്ധപ്പെട്ടു നിൽക്കുകയും അവിടുത്തോട് "ഓൺ ലൈനിൽ കഴിയുകയും' ചെയ്യേണ്ട ആവശ്യം നിങ്ങൾക്കുള്ളത്.



എന്തെന്നാൽ, നിങ്ങളുടെ സ്വന്തം പരിശ്രമങ്ങളും ബുദ്ധിയും കൊണ്ടുമാത്രം നിങ്ങൾ സന്തുഷ്ടരും വിശുദ്ധരുമായി വളരുകയില്ല. ഇന്റർനെറ്റിനോടുള്ള നിങ്ങളുടെ ബന്ധം നഷ്ടപ്പെടാതിരിക്കാൻ നിങ്ങൾ ശ്രമിക്കുന്നതുപോലെതന്നെ, നിങ്ങൾ കർത്താവിനോട് ബന്ധപ്പെട്ടു കഴിയുന്നു എന്നും ഉറപ്പാക്കുക.

അതിന്റെ അർത്ഥം സംവാദം വിച്ഛേദിക്കാതിരിക്കുകയും അവിടുത്തെ ശ്രദ്ധിക്കുകയും എന്താണു ചെയ്യേണ്ടതെന്ന് നിങ്ങൾക്കു തീർച്ചയില്ലാത്തപ്പോൾ അവിടുത്തോട് ഇപ്രകാരം ചോദിക്കുകയും ചെയ്യുക എന്നാണ്: "യേശുവേ, എന്റെ സ്ഥാനത്തായിരുന്നുവെങ്കിൽ, അങ്ങ് എന്തുചെയ്യും?"

159. ആത്മീയമായി വളരാനുള്ള ഒരു പരിശ്രമം നടത്തത്തക്കവണ്ണം നിങ്ങളെക്കുറിച്ചു തന്നെ നിങ്ങൾ ഗൗരവമുള്ളവരായിരിക്കും എന്ന് ഞാൻ പ്രത്യാശിക്കുന്നു. യൗവ്വനത്തിന്റെ ആവേശകരമായ മറ്റെല്ലാ കാര്യങ്ങളോടുമൊപ്പം, "നീതി, വിശ്വാസം, സ്നേഹം, സമാധാനം" (2 തിമോ 2:22) എന്നിവ തേടുന്നതിലെ സൗന്ദര്യവുമുണ്ട്. നിങ്ങളുടെ ആത്മപ്രചോദിത്വം, ധൈര്യം, ഉത്സാഹം, മൃദുലത, എന്നിവയുടെ എന്തെങ്കിലും നഷ്ടപ്പെടുന്നത് ഇതിൽ ഉൾപ്പെടുന്നില്ല. മുതിർന്ന ഒരാളായിത്തീരുക എന്നതിന്റെ അർത്ഥം നിങ്ങളുടെ ജീവിതങ്ങളിലെ ഈ ഘട്ടത്തെ സംബന്ധിച്ച് ഏറ്റവും നല്ലത് നിങ്ങൾക്ക് ഉപേക്ഷിക്കേണ്ടി വരും എന്നല്ല. നിങ്ങൾ അങ്ങനെ ചെയ്യുന്ന പക്ഷം, കർത്താവ് ഒരു ദിവസം നിങ്ങളെ കുറ്റപ്പെടുത്തിയേക്കും; "നിന്റെ യൗവ്വത്തിലെ വിശ്വസ്തതയും വധുവിനടുത്ത സ്നേഹവും ഞാൻ ഓർമ്മിക്കുന്നു. മരുഭൂമിയിൽ, കൃഷിയോഗ്യമല്ലാത്ത നാട്ടിൽ, നീ എന്നെ അനുഗമിച്ചതു ഞാൻ ഓർക്കുന്നു" (ജറെ. 2:23.

160. മുതിർന്നവരും, യുവത്വത്തിന്റെ മൂല്യങ്ങൾ നഷ്ടപ്പെടാതെ, പക്വതയുള്ളവരാക്കേണ്ടതുണ്ട്. ജീവിതത്തിലെ എല്ലാ ഘട്ടവും നിലനിൽക്കുന്ന മൂല്യത്തോടുകൂടിയ സ്ഥിരമായ കൃപയാണ്. നന്നായി ജീവിച്ച ഒരു യൗവ്വനത്തിന്റെ അനുഭവം നമ്മുടെ ഹൃദയത്തിൽ എപ്പോഴും നിലനിൽക്കുന്നു. മുതിർന്ന പ്രായത്തിലുടനീളം അതു തുടർന്നു വളരുകയും ഫലമണിയുകയും ചെയ്യുന്നു. തങ്ങളുടെ മുമ്പിൽ തുറക്കുന്ന അപരിചിതമായ ഒരു ചക്രവാളത്താൽ യുവജനങ്ങൾ സ്വാഭാവികമായി ആകർഷിക്കപ്പെടുന്നു. അതിന്റെ സുരക്ഷിതത്വങ്ങളോടും സന്തോഷങ്ങളോടും കൂടിയുള്ള മുതിർന്ന പ്രായത്തിലെ ജീവിതത്തിന് ആ ചക്രവാളം ചുരുങ്ങുകയും യുവത്വപൂർണ്ണമായ ആ ആവേശം നഷ്ടപ്പെടുകയും ചെയ്യുക എന്ന അപകടസാധ്യതയുണ്ട്. ഇതിനു കടകവിരുദ്ധമായി സംഭവിക്കണം: നാം പക്വത പ്രാപിക്കുകയും പ്രായത്തിൽ വളരുകയും നമ്മുടെ ജീവിതങ്ങൾ ക്രമീകരിക്കുകയും ചെയ്യുമ്പോൾ, ഉത്സാഹവും എപ്പോഴത്തെയുംകാൾ ഉന്നതമായ യാഥാർത്ഥ്യത്തോടുള്ള തുറന്ന മനസ്ഥിതിയും നാം ഒരിക്കലും നഷ്ടപ്പെടുത്തരുത്. ജീവിതത്തിലെ എല്ലാ നിമിഷത്തിലും നമ്മുടെ യുവത്വം നമുക്കു നവീകരിക്കാൻ കഴിയും. മാർപാപ്പ എന്ന നിലയിലുള്ള എന്റെ ശുശ്രൂഷ ഞാൻ ആരംഭിച്ചപ്പോൾ, കർത്താവ് എന്റെ ചക്രവാളങ്ങൾ വിശാലമാക്കുകയും നവീകൃത

യുവത്വം എനിക്കു നൽകുകയും ചെയ്തു. അനേകവർഷങ്ങളായി വിവാഹിതരായി ജീവിക്കുന്ന ദമ്പതികൾക്കും ആശ്രമത്തിലുള്ള ഒരു സന്യാസിക്കും ഇതേ കാര്യം സംഭവിക്കാം. വർഷങ്ങൾ കടന്നുപോകുമ്പോൾ, നാം "പോകാൻ അനുവദിക്കേണ്ട കാര്യങ്ങൾ ഉണ്ട്. എന്നാൽ, പക്വതയിലുള്ള വളർച്ചയ്ക്ക്, നിത്യയൗവ്വനമുള്ള ഒരു ഹൃദയത്തോടുകൂടി, നിരന്തരം പുനർജ്വലിപ്പിക്കപ്പെടുന്ന ഒരു അഗ്നിയുമായി സഹവസിക്കാൻ കഴിയും.

161. പ്രായം കൂടുക എന്നുവച്ചാൽ നമ്മുടെ യൗവ്വനം സംബന്ധിച്ച് ഏറ്റവും വിലപ്പെട്ട കാര്യങ്ങൾ നിലനിർത്തുകയും പരിപോഷിപ്പിക്കുകയും ചെയ്യുക എന്നാണ്. എന്നാൽ, അതിൽ നല്ലതല്ലാത്ത കാര്യങ്ങൾ ശുദ്ധീകരിക്കേണ്ടതും യഥാർത്ഥ പ്രാധാന്യമുള്ള കാര്യങ്ങൾ നമുക്കു വികസിപ്പിക്കാൻ കഴിയത്തക്കവണ്ണം ദൈവത്തിൽനിന്ന് പുതിയ ദാനങ്ങൾ സ്വീകരിക്കുന്നതും ഉൾപ്പെടുന്നു. ചിലപ്പോൾ, ചില അപകർഷതാബോധം കാരണം പോരായ്മകളും ദൗർബല്യങ്ങളും അവഗണിക്കുന്നതിന് ഇടയാകാം. പക്വതയിൽ വളരുന്നതിൽ നിന്ന് നിങ്ങളെ പുറകോട്ടു വലിക്കാനും അതിനു സാധിക്കും. മറിച്ച് ദൈവത്താൽ സ്നേഹിക്കപ്പെടാൻ നിങ്ങൾ നിങ്ങളെത്തന്നെ അനുവദിക്കുക. എന്തെന്നാൽ, നിങ്ങൾ ആയിരിക്കുന്നതുപോലെ തന്നെ അവിടുന്ന് നിങ്ങളെ സ്നേഹിക്കുന്നു. അവിടുന്ന് നിങ്ങളെ വിലമതിക്കുകയും ആദരിക്കുകയും ചെയ്യുന്നു. എന്നാൽ, അവിടുന്ന് നിങ്ങൾക്ക് കൂടുതൽ തുടർന്നു നൽകുകയും ചെയ്യുന്നു. കൂടുതൽ സൗഹൃദം, പ്രാർത്ഥനയിൽ കൂടുതൽ തീക്ഷ്ണത, വചനത്തോടു കൂടുതൽ വിശപ്പ്, ദിവ്യകാരുണ്യം സ്വീകരിക്കാൻ കൂടുതൽ ആഗ്രഹം, സുവിശേഷാനുസരം ജീവിക്കാൻ കൂടുതൽ അഭിലാഷം, കൂടുതൽ ആന്തരികശക്തി, കൂടുതൽ സമാധാനം കൂടുതൽ ആത്മീയാനന്ദം,

162 എന്നാൽ, മറ്റുള്ളവരെ കോപ്പിയടിച്ചുകൊണ്ട്, നിങ്ങൾ വിശുദ്ധരായിത്തീരുകയും സംതൃപ്തി കണ്ടെത്തുകയും ചെയ്യുകയില്ല എന്നും നിങ്ങളെ ഞാൻ അനുസരിപ്പിക്കുന്നു. വിശുദ്ധര അനുകരിക്കുന്നതിന്റെ അർത്ഥം അവരുടെ ജീവിതശൈലിയും വിശുദ്ധരായി ജീവിക്കുന്നതിനുള്ള അവരുടെ മാർഗവും പകർത്തുക എന്നല്ല. "നമുക്കു സഹായകമാകാവുന്നതും പ്രചോദനാത്മകവു മായ ചില സാക്ഷ്യങ്ങൾ ഉണ്ട്. എന്നാൽ, അതിന്റെ അർത്ഥം നാം അവ പകർത്തണമെന്നല്ല. എന്തെന്നാൽ, നമ്മളെക്കുറിച്ച് കർത്താവിന് മനസ്സിലുള്ള പ്രത്യേക പാതയിൽനിന്ന് വ്യതി ചലിക്കുന്നതിലേക്കു പോലും നമ്മെ അതു നയിച്ചേക്കും. മറ്റുള്ളവർ എന്തു പറയുകയോ ചിന്തിക്കുകയോ ചെയ്താലും, നിങ്ങൾ ആരാണെന്നു കണ്ടെത്തേണ്ടതും വിശുദ്ധരാകുന്നതിനുള്ള നിങ്ങളുടെ സ്വന്തം പാത വികസിപ്പിക്കേണ്ടതും നിങ്ങളാണ്. ഒരു വിശുദ്ധനായിത്തീരുക എന്നതിന്റെ അർത്ഥം കൂടുതൽ പൂർണ്ണതയിൽ നിങ്ങൾ തന്നെയായിത്തീരുക എന്നാണ്. സ്വപ്നം കാണാനും സൃഷ്ടിക്കാനും കർത്താവ് ആഗ്രഹിച്ചത് ആയിത്തീരുക എന്നാണ് ഒരു ഫോട്ടോകോപ്പിയാകാനല്ല. നിങ്ങളുടെ ജീവിതം ഒരു പ്രവചനാത്മക പ്രചോദനമാകുകയും ഈ ലോകത്തിൽ ഒരു അടയാളം അവശേഷിപ്പിക്കുകയും ചെയ്യേണ്ടതാണ്, നിങ്ങൾക്കുമാത്രം അവശേഷിപ്പിക്കാൻ കഴിയുന്ന ഒരു അതുല്യ അടയാളം. മറിച്ച് നിങ്ങൾ ആരെയെങ്കിലും വെറുതെ പകർത്തുകയാണെങ്കിൽ, മറ്റാർക്കും നൽകാൻ കഴിയാത്ത ചിലത് നിങ്ങൾ ഈ ഭൂമിക്കും സ്വർഗത്തിനും നഷ്ടപ്പെടുത്തുകയായിരിക്കും. തന്റെ ആത്മീയോപദേശത്തിൽ നിന്ന് എല്ലാവരും "അവന്റെ അല്ലെങ്കിൽ അവളുടെ സ്വന്തം മാർഗത്തിൽ' പ്രയോജനം ഉണ്ടാക്കണമെന്ന് തന്റെ 'സ്നേഹഗീതത്തിൽ (Spiritual Canticle) എഴുതിയ കുരിശിന്റെ വിശുദ്ധ യോഹന്നാനെക്കുറിച്ച് ഞാൻ ചിന്തിക്കുകയാണ്. എന്തെന്നാൽ, 'ചിലർക്ക് ഒരു മാർഗ്ഗത്തിലും മറ്റുള്ളവർക്ക് മറ്റൊന്നിലും" അവിടുത്തെ കൃപ പ്രകടമാക്കാൻ ദൈവം ആഗ്രഹിക്കുന്നു. ❍




വാർത്തയും ചിന്തയും

# പതിയെപ്പതിയെ നിശബ്ദമാകുകയാണോ, നീതിക്കുവേണ്ടിയുള്ള അലമുറകൾ...

**ആന്റണി ചടയംമുറി**


**വാർത്ത**

2025- മാർച്ച് 18ന് മൂലമ്പിള്ളി കുടിയിറക്കലിന്റെ പതിനേഴാം വാർഷികമായിരുന്നു. കേരളത്തിലേക്ക് ആഗോളവത്ക്കരണം കുതിച്ചെത്തിയപ്പോൾ മൂലമ്പിള്ളിയിൽ കിടപ്പാടം നഷ്ടപ്പെട്ടത് 316 കുടുംബങ്ങൾക്ക്. മുന്നണികൾ മാറി മാറി വന്നു. 5 റവന്യൂ വകുപ്പ് മന്ത്രിമാർ, 9 ജില്ലാ കളക്ടർമാർ എന്നിങ്ങനെ അധികാരക്കസേരകളിൽ പലരുമെത്തി. കേസും തർക്കങ്ങളും നീണ്ടു പോയതിനിടെ 39 പേർ മരണമടഞ്ഞു. മൂലമ്പിള്ളിയിൽ നിന്ന് വല്ലാർപാടം കണ്ടെയ്നർ ടെർമിനലിനു വേണ്ടി കുടിയിറക്കപ്പെട്ടവരുടെ ദുരിതപർവം ഇപ്പോഴും തുടരുന്നു. പിൽക്കാലത്ത് പല വികസന പദ്ധതികൾക്കും വേണ്ടി കേരളത്തിലെ വിവിധ പ്രദേശങ്ങളിൽ കുടിയിറക്കലുകൾ നടന്നു. 30,000 കുടുംബങ്ങൾക്ക് കിടപ്പാടം നഷ്ടപ്പെടേണ്ടിയിരുന്ന സിൽവർലൈൻ പദ്ധതി 'ത്രിശങ്കു'വിലായതോടെ, കിടപ്പുമുറിയിലും അടുക്കളയിലുമെല്ലാമായി നാട്ടിയ മഞ്ഞക്കുറ്റികൾ വികസനത്തിന്റെ തലതിരിഞ്ഞ നയങ്ങളുടെ ഓർമ്മക്കുറ്റികളായി. കുറ്റിനാട്ടിയതിനു ചെലവഴിച്ച 42 ലക്ഷം രൂപയും നഷ്ടമായി. കണ്ണൂർ വിമാനത്താവളത്തിനുവേണ്ടി സ്ഥലം വിട്ടുകൊടുത്ത 5510 കുടുംബങ്ങൾ, ശബരി റെയിലിനായി അളന്നുതിരിച്ച പറമ്പുകളിലെ കിടപ്പാടങ്ങളിൽ കഴിയുന്നവർ... ഈ പട്ടിക നീളുകയാണ്. വികസന പദ്ധതികൾ നടപ്പാക്കുന്നതിലെ സർക്കാർ വീഴ്ചയെക്കുറിച്ച് കേരളാ ഹൈക്കോടതി പോലും (കിനാലൂരിലെ നിർദ്ദിഷ്ട എയിംസ്) രൂക്ഷമായി വിമർശിച്ചിട്ടും വികസനത്തിനായി സർക്കാർ വരച്ചിടുന്ന വർണ്ണ ചിത്രങ്ങളിലെ കണ്ണീർക്കോലങ്ങളെ കാണാതെ പോകുകയാണ് ഭരണകർത്താക്കൾ. ഭരിക്കുന്നവർ ചിന്തിക്കട്ടെ.

**ചിന്ത**

സാമ്പത്തിക പ്രവർത്തനത്തിന്റെ ഓരോ ഘട്ടത്തിലും നീതിയുണ്ടായിരിക്കണമെന്ന് സഭയുടെ സാമൂഹിക സിദ്ധാന്തം എന്നും വാദിച്ചിട്ടുണ്ട്. എന്തെന്നാൽ അത് എപ്പോഴും മനുഷ്യനെയും അവന്റെ ആവശ്യങ്ങളെയും സംബന്ധിച്ചുള്ളതാണ്.

**- ബെനഡിക്ട് പതിനാറാമൻ മാർപ്പാപ്പ (സത്യത്തിൽ സ്നേഹം - നമ്പർ 37)**




ഈ കാലഘട്ടത്തിലെ വെല്ലുവിളികൾ
ധീരതയോടെ നേരിട്ട്, ക്രിസ്തുവിനു ജീവിതംകൊണ്ട്
സാക്ഷ്യം നൽകാൻ നിങ്ങൾ ഒരുക്കമാണോ...
ഈശോ നിങ്ങളെ വിളിക്കുന്നു.

**CMC VIMALA PROVINCE**
Kovilvattom Road, Ernakulam

Vocation Promotor Sr. Prasanna CMC Mob: 73 06 93 87 73

**VATHICAN THARANGAM**
**RN 55178/94**
**Total Pages 24 Date of Publication 28-04-2025**




Printed and published by Fr. Jolly Vadakken owned by Vatican Radio office, P.O.C.
Vennala P.O. , Kochi - 682028 and published at Vatican Radio Office,
P.O.C. , Palarivattom, Kochi - 682025, Kerala.Chief Editor: Fr. Sebastian Milton Kalappurackal